**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 159** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എം. എം. മണി</th><th colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എടുത്തിട്ടുള്ള നാല് കോടി രൂപ ചിലവഴിച്ച് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്;</td><td>(എ)</td><td>ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ രാജകുമാരി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ശ്രീ. എം..എം.മണി എം.എൽ.എ-യുടെ 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 34 ലക്ഷം രൂപ ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.. കൂടാതെ ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് കെട്ടിട നിർമ്മാണത്തിനായി 2016-17-ൽ ശ്രീ.എം.എം.മണി എം.എൽ.എ--യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 45 ലക്ഷം രൂപ അനുവദിക്കുകയും, ടി തുക ഉപയോഗിച്ച് ഒന്നാം നിലയിലെ ഫ്രെയിം വർക്ക് , ഭിത്തിയുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അതിനു ശേഷം ഇതേ പ്രവർത്തനത്തിന് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും 30 ലക്ഷം രൂപ അനുവദിക്കുകയും, ടി തുക ഉപയോഗിച്ച് കെട്ടിടത്തിന്റെ ഇന്റീരിയർ വർക്കുകൾ പുരോഗമിച്ചു വരികയുമാണ് . 2020-2021 സാമ്പത്തിക വർഷത്തിൽ ആശുപത്രി കെട്ടിട നിർമ്മാണത്തിന് ബഹുമാനപ്പെട്ട എം..എം.മണി എം.എൽ.എ യുടെ എം.എൽ.എ ഫണ്ടിൽ നിന്നും 80 ലക്ഷം രൂപ കൂടി അനുവദിച്ചിരുന്നു. പഞ്ചായത്തിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് ടി തുക ഉപയോഗിച്ച് ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.<br><br>നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ.എം.എം.മണി അവർകളുടെ 2020-21 കാലഘട്ടത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും 17,35,860/- രൂപ (പതിനേഴ് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) ഉപയോഗിച്ച് ആംബുലൻസ് വാങ്ങുകയും അതിനാവശ്യമായ അനുബന്ധ അറ്റകുറ്റപ്പണികൾ നടത്തുകയും ഇൻഷുറൻസ് തുക അടക്കുകയും ചെയ്തിട്ടുണ്ട്.<br><br>വണ്ടൻമേട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടും കിഫ്ബി ഫണ്ടും ചേർത്ത് 10 പേരെ കിടത്താവുന്ന ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ.1555/2021/ആ.കു.വ. തീയതി, 26/07/2021 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനു കൈമാറി കഴിഞ്ഞു .</td></tr>
<tr><td>(ബി)</td><td>ആശുപത്രിയുടെ പേര്, വികസന പ്രവൃത്തി, ചിലവഴിച്ച തുക, ഈ പ്രവൃത്തി ഏത് ഘട്ടത്തിലാണ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?</td><td>(ബി)</td><td>
<table>
<tr><th>ആശുപത്രിയുടെ പേര്</th><th>വികസന പ്രവൃത്തി</th><th>ചെലവഴിച്ച തുക</th><th>ഏതു ഘട്ടം</th></tr>
<tr><td>കുടുംബാരോഗ്യ കേന്ദ്രം, രാജകുമാരി</td><td>പുതിയ കെട്ടിട നിർമ്മാണം</td><td>34 ലക്ഷം രൂപ (2020-21)</td><td>നിർമ്മാണം പുരോഗമിക്കുന്നു</td></tr>
<tr><td rowspan="2">കുടുംബാരോഗ്യ കേന്ദ്രം, ശാന്തൻപാറ</td><td rowspan="2">പുതിയ കെട്ടിട നിർമ്മാണം</td><td>45 ലക്ഷം രൂപ (2016-17)</td><td rowspan="2">നിർമ്മാണം പുരോഗമിക്കുന്നു</td></tr>
<tr><td>80 ലക്ഷം രൂപ (2020-21)</td></tr>
<tr><td>താലൂക്ക് ആശുപത്രി, നെടുങ്കണ്ടം</td><td>പുതിയ ആംബുലൻസ് വാങ്ങൽ (അറ്റകുറ്റപ്പണികൾ)</td><td>17,35,860/- രൂപ (2021-22)</td><td>പൂർത്തീകരിച്ചിട്ടു</td></tr>
<tr><td>സാമൂഹികാരോഗ്യ</td><td>10 കിടക്കകൾ ഉള്ള</td><td></td><td>നിർമ്മാണം</td></tr>
</table>
</td></tr>
</table>

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | കേന്ദ്രം, വണ്ടൻമേട് | ഐസൊലേഷൻ വാർഡ് | - | ആരംഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ